## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

02-08-2021

(4) ഓർഡിനൻസ് തുടർച്ചയായി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനുശേഷം ഓർഡിനൻസുകൾ ലാപ്സായതിനെത്തുടർന്ന് ആവർത്തിച്ച് പുറപ്പെടുവിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും ഓർഡിനൻസുകൾ തുടർച്ചയായി പുറപ്പെടുവിക്കുന്ന സമീപനത്തിൽനിന്നും പിന്മാറണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിച്ചു.

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ മുൻകൂട്ടി നിശ്ചയിച്ച തീയതിക്ക് മുമ്പുതന്നെ സമ്മേളനങ്ങൾ അവസാനിപ്പിക്കേണ്ടിവന്നതിനാൽ ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കാനും പാസ്സാക്കാനും സാധിച്ചിട്ടില്ലെന്നും സഭ മുമ്പാകെ പ്രസിദ്ധീകരിച്ചിട്ടുള്ള ബില്ലുകളും ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകളും കാര്യോപദേശക സമിതി തീരുമാനിക്കുന്ന സമയത്ത് ബന്ധപ്പെട്ട വകുപ്പിന് സഭയിൽ അവതരിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയ പൂർത്തീകരിക്കാവുന്നതാണെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവ് വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന സ്ഥിതിവിശേഷം സംജാതമായത്. പുതിയ നികുതി നിർദ്ദേശങ്ങൾ അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതുമായ സുപ്രധാനമായ നിയമങ്ങളാണ് ബില്ലുകളായി സഭ മുമ്പാകെ വരാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. നിലവിൽ പ്രാബല്യത്തിലിരിക്കുന്ന 44 ഓർഡിനൻസുകളും ഈ സഭാ സമ്മേളനം അവസാനിക്കുന്നതോടുകൂടി റീ-പ്രൊമൽഗേറ്റ് ചെയ്യേണ്ടിവരും. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമനിർമ്മാണത്തിന് മാത്രമായി ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് എല്ലാ ഓർഡിനൻസുകളെയും റീപ്ലേസ് ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം.